**കേരള കലാമണ്ഡലം കല്പിത സർവകലാശാല**

**ഫെലോഷിപ്പ് - അവാർഡ് - എൻഡോവ്മെന്റുകളുടെ നിയമാവലി**

1. **ഫെലോഷിപ്പ് - 50,000/- രൂപ**

ക്ലാസിക്കൽ കലകളിൽ ദീർഘകാലം പ്രവർത്തിച്ച, ലബ്ധപ്രതിഷ്ഠരായ കലാകാരന്മാർക്കോ, കലാകാരികൾക്കോ നൽകുന്നതാണ് ഫെലോഷിപ്പ്. ഈ വർഷം മുതൽ രണ്ടു പേർക്കാണ് ഫെലോഷിപ്പ് നൽകുക. കേരള കലാമണ്ഡലത്തിൽ പരിശീലിപ്പിക്കുന്ന കലാരൂപങ്ങൾ ആണ് മാനദണ്ഡം. അറുപത് വയസ്സിന് മുകളിലുള്ളവർക്ക് പ്രഥമ പരിഗണന.

2. **അവാർഡുകൾ - 30,000/- രൂപ**

താഴെ പറയുന്ന കലാവിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്ക് നൽകുന്നതാണ് അവാർഡുകൾ.

**1) കഥകളി വേഷം**

**2) കഥകളി സംഗീതം**

**3) കഥകളി ചെണ്ട**

**4) കഥകളി മദ്ദളം**

**5) ചുട്ടി/അണിയറ**

**6) കൂടിയാട്ടം (പുരുഷവേഷം/സ്ത്രീവേഷം/മിഴാവ്)**

**7) മോഹിനിയാട്ടം**

**8) തുള്ളൽ**

**9) നൃത്തസംഗീതം/മൃദംഗം/നട്ടുവാങ്കം**

**10) പഞ്ചവാദ്യം (തിമില/ഇടയ്ക്ക/മദ്ദളം/കൊമ്പ്/ഇലത്താളം)**

*ഈ പുരസ്കാരം വാദ്യവിദഗ്ധനായിരുന്ന എ.എസ്.എൻ. നമ്പീശന്റെ പേരിലാണ് നൽകുന്നത്.*

**11) കലാഗ്രന്ഥം**

*ക്ലാസിക്കൽ കലകളെ സംബന്ധിച്ച്, അവാർഡ് വർഷത്തിന് മുമ്പുള്ള 3 വർഷത്തിനുള്ളിൽ പ്രസിദ്ധീകരിച്ച മികച്ച ഗ്രന്ഥത്തിനുള്ളതാണ് പുരസ്കാരം. മിനിമം അർഹതയുള്ളത് ഇല്ലെങ്കിൽ അവാർഡ് നൽകില്ല. പി.എച്ച്.ഡി. പ്രബന്ധങ്ങൾ പരിഗണിക്കുന്നതല്ല.*

**12) ഡോക്യുമെന്ററി**

*ക്ലാസിക്കൽ കലകളെയോ, കലാകാരന്മാരെയോ ആസ്പദമാക്കിയുള്ള ഡോക്യുമെന്ററികൾ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ റിലീസ് ചെയ്തതാകണം. സർട്ടിഫിക്കറ്റ് ഹാജരാക്കണം. മികച്ച ഡോക്യുമെന്ററികൾ ഇല്ലെങ്കിൽ അവാർഡ് നൽകില്ല.*

**13) സമഗ്ര സംഭാവന പുരസ്കാരം - 30,000/- രൂപ**

കഥകളി രംഗത്തെ വളർച്ചയ്ക്കും, പ്രചരണത്തിനും ജീവിതകാലം മുഴുവൻ പ്രവർത്തിച്ച വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകുന്ന അവാർഡ്. ഈ പുരസ്കാരം എം.കെ.കെ. നായരുടെ പേരിൽ നൽകുന്നതാണ്.

**14) യുവപ്രതിഭ അവാർഡ് - 10,000/- രൂപ**

ക്ലാസിക്കൽ കലകളിൽ കഴിവു തെളിയിച്ച യുവകലാകാരൻ/കലാകാരിയെയാണ് പരിഗണിക്കുക. 35 വയസ്സ് കവിയരുത്.

**15) മുകുന്ദരാജ സ്മൃതി പുരസ്കാരം - 10,000/-. രൂപ**

കേരള കലാമണ്ഡലത്തിന്റെയും ക്ലാസിക്കൽ കലകളുടെയും പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കുന്നവർക്ക് നൽകുന്ന പുരസ്കാരം.

3. **എൻഡോവ്മെന്റുകൾ**

**1. കലാരത്നം - 10,000/- രൂപ**

നൃത്ത-നാട്യ-സംഗീത-വാദ്യ കലാവിഷയങ്ങളിൽ അസാധാരണമായ വൈഭവം തെളിയിച്ചിട്ടുള്ള കലാകാരനോ, കലാകാരിക്കോ നൽകുന്ന പുരസ്കാരം.

**2. ഡോ. വി.എസ്. ശർമ്മ എൻഡോവ്മെന്റ് - 3,000/- രൂപ**

കലാമേഖലയിലെ യുവ കലാകാരൻ/കലാകാരിക്ക് നൽകുന്ന പുരസ്കാരം.

**3. പൈങ്കുളം രാമചാക്യാർ പുരസ്കാരം - 9,000/- രൂപ**

കേരള കലാമണ്ഡലത്തിൽ നിന്നു തന്നെ കൂടിയാട്ടം/മിഴാവ് പഠനം പൂർത്തിയാക്കി അരങ്ങിലും കളരിയിലും ശോഭിക്കുന്ന യുവ കലാകാരൻ/കലാകാരിക്ക് നൽകുന്ന പുരസ്കാരം. 35 വയസ്സിന് മുകളിലുള്ളവർക്ക് പരിഗണന നൽകണം.

**4. വടക്കൻ കണ്ണൻ നായർ പുരസ്കാരം - 9,000/- രൂപ**

തുള്ളൽ കലാമേഖലയിൽ സജീവമായിട്ടുള്ള കലാകാരൻ/കലാകാരിക്ക് നൽകുന്ന പുരസ്കാരം.

**5. ദിവാകരൻനായർ സ്മാരക സൗഗന്ധികം പുരസ്കാരം - 6,000/- രൂപ**

തുള്ളൽ കലയ്ക്കു നൽകിയ സംഭാവനകളെ മാനിച്ച് നൽകുന്ന പുരസ്കാരം.

**6. ഭാഗവതർ കുഞ്ഞുണ്ണി തമ്പുരാൻ എൻഡോവ്മെന്റ് - 3000/- രൂപ**

കഥകളി വേഷം/കഥകളി സംഗീതം എന്നീ മേഖലയിൽ നിന്നുള്ള യുവകലാകാരന്മാർക്ക് നൽകിവരുന്ന പുരസ്കാരം.

(ഒപ്പ്)

**വൈസ്-ചാൻസലർ**

കേരള കലാമണ്ഡലം